നമ്പർ: സി.പി. (1) 28026/2014 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി:.21.06.2014

## സർക്കുലർ നമ്പർ: 30/2014

വിഷയം: സഹകരണ വകുപ്പ്– പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ മറ്റ് വായ്പാ സഹകരണ സംഘങ്ങൾ ശാഖകൾ തുറക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ജോയിന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന: 1. 29.05.2014 ലെ 311/2014/എം(സഹ) നമ്പർ കത്ത്
2.സർക്കുലർ നം 17/81, 39/2006

**********************

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവകളുടെ ശാഖ തുറക്കുന്നത് സംബ ന്ധിച്ച് സൂചന 2 പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറുക ളിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നു എന്നും 33/2009 നമ്പർ സർക്കു ലർ പ്രകാരം മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ആസ്ഥാനത്തിനും, ശാഖ കൾക്കും ഉണ്ടെന്ന് ഉറപ്പുവരുത്തിയും നിക്ഷേപങ്ങൾക്കും വായ്പകൾക്കും പലിശ നൽകുന്നതും ഈടാക്കുന്നതും സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കു വിധേയമാണെന്നും, റിസ്ക് ഫണ്ട്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം എന്നിവയിൽ സംഘം അംഗമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയും, ആറുമാസത്തിനകം ശാഖ ആരംഭിക്കണമെന്ന വ്യവസ്ഥയിലും നില വിലുള്ള ജീവനക്കാരെക്കൊണ്ട് തന്നെ ശാഖ പ്രവർത്തിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിലും ശാഖ/ എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർക്ക് അനുവാദം നൽകാവുന്നതാണ്. ശാഖകൾക്ക് ഒരു വർഷ ത്തേക്കു മാത്രം അനുവാദം നൽകാവുന്നതും ടി ശാഖയുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തിയ ശേഷം ശാഖ പ്രവർത്തനം തൃപ്തികരവും ലാഭക

രവും ആണെങ്കിൽ മാത്രമേ ശാഖ പ്രവർത്തിക്കുന്നതിന് തുടർ അനുവാദവും പുതിയ തസ്തികകളും നൽകാവൂ എന്നും നിർദ്ദേശിക്കുന്നു. ശാഖ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതും അനുവാദം നൽകുന്നതും, പ്രവർത്തനം ആരംഭിച്ചതും സംബന്ധിച്ച എല്ലാ വിവരങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, പരിശോധനയ്ക്ക് ആവശ്യപ്പെടുന്ന വേളയിൽ ഹാജരാക്കേണ്ടതുമാണ്.

ഒപ്പ്
എസ്.ലളിതാംബിക. IAS
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും(ആഡിറ്റ്)
3. ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ വായ്പാ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
6. എഡിറ്റർ, സഹകരണ വീഥി
7. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ